14559
08/11/21

"ഭരണഭാഷ- മാതൃഭാഷ"

2/11/21

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - പരേതനായ അജയകുമാർ. ബി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്

സ.ഉ.(സാധാ) നം.2120/2021/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 28/10/2021

---

പരാമർശം:-
1. സ.ഉ(സാധാ) നം.487/2014/തസ്വഭവ തീയതി 20.02.2014.
2. സ.ഉ(സാധാ) നം.2064/2021/തസ്വഭവ തീയതി 22.10.2021.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.09.2021-ലെ ഇ1/5053/2017/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. അജയകുമാർ. ബി പരാമർശം(1) ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന്, 10.03.2014 പൂർവ്വാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 08.06.2016ന് മരണമടഞ്ഞ ടിയാന്റെ ടി താൽക്കാലിക പ്രൊമോഷൻ പരാമർശം (2) ഉത്തരവ് പ്രകാരം റെഗുലറൈസ് ചെയ്യുകയുണ്ടായി.

ടിയാന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(3) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു. ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ലയെന്നും, ടിയാനെതിരെ അച്ചടക്കനടപടികളോ, വിജിലൻസ് കേസുകളോ നിലവിലില്ല എന്നും ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, പരേതനായ അജയകുമാർ. ബി-യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 10.09.2014 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :
1. പരേതനായ അജയകുമാർ. ബി-യുടെ അനന്തരവകാശി *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

(തുടർന്ന്)

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 28-10-2021 15:09:26
Reason: Approved

സെക്ഷൻ ഓഫീസർ

E1/11253/16/CE/LSGD dated: 16/11/2021

This Government Order is forwarded to the dependent of Late. Sri. Ajayakumar. B, Exe-Engineer (through the official website) for information.

Sd/-

Administrative Assistant